എ5-420/2026

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ടിമ്പർ സെയിൽസ് ഡിവിഷൻ,
തിരുവനന്തപുരം.പിൻ-695013
dfotsdtvpm@gmail.com
PH: 0471 - 2360166

തിയ്യതി : 04 /05/2026

# കേരള വനംവകുപ്പ്

## ടിമ്പർ സെയിൽസ് ഡിവിഷൻ, തിരുവനന്തപുരം

## ഇ-ദർഘാസ് പരസ്യം

കേരള വനംവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള (സർക്കാർ ഉത്തരവ് എം.എസ് 26/2017 എഫ് &ഡബ്ല്യൂ.എൽ.ഡി. തിയ്യതി 20/05/2017) നിലവിൽ യോഗ്യരായ എ, ബി/സി ക്ലാസ് കോൺട്രാക്ടർമാരിൽ നിന്നും താഴെ പട്ടികയിൽ വിവരിക്കുന്ന പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസ് ക്ഷണിക്കുന്നു. ഇപ്പോൾ നിലവിലുള്ളതും, സർക്കാർ ഇനി പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, തടി അട്ടി വയ്ക്കുന്നത് സംബന്ധിച്ച പ്രത്യേക നിബന്ധനകളും പാലിക്കാൻ ദർഘാസുകാർ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ എസ്.ബി.ടി യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാണ്. കരാറുകാരന് ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ ദർഘാസുകൾ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. താമസിച്ചു സമർപ്പിക്കുന്ന ടെണ്ടറുകളും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം 200/- രൂപയുടെ കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, EMD exemption സർട്ടിഫിക്കറ്റ്, ബിഡ് ഡോക്യുമെന്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുടെ സ്കാൻ ചെയ്ത കോപ്പികൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. പ്രിലിമിനറി എഗ്രിമെന്റിന്റെ ഒറിജിനലും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, EMD exemption സർട്ടിഫിക്കറ്റ്, ബിഡ് ഡോക്യുമെന്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുടെ ഹാർഡ്കോപ്പിയും ജോലിയുടെ പേരും

ടെണ്ടർ നമ്പറും രേഖപ്പെടുത്തിയ സീൽഡ് കവറിൽ സ്പീഡ് പോസ്റ്റിലോ, റെജിസ്റ്റേർഡ് തപാലിലോ ടെണ്ടർ തുറക്കുന്നതിന് മുമ്പ് സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എൻ.ഐ.സി.യിൽ നിന്നോ www.etenders.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ് ഡെസ്ക്കിൽ നിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർക്ക് വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാവുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

ടെണ്ടർ ലഭിക്കുന്ന ദർഘാസുകാരൻ 200/- രൂപയുടെ മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് മുതൽ 7 ദിവസത്തിനുള്ളിൽ ദർഘാസ് തുകയുടെ 10 ശതമാനമോ 5,00,000/- രൂപയോ ഏതാണ് കുറവ് വരുന്നത് ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം ഉടമ്പടി വെക്കേണ്ടതാണ്. ടെണ്ടർ ദിവസം പൊതുപണിമുടക്കായോ, അവധിയായോ വരുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വെച്ച് ടെണ്ടർ നടത്തുന്നതാണ്. ദർഘാസ് രണ്ടോ അതിൽ കുറവോ ആണ് ലഭിക്കുന്നതെങ്കിൽ ടി ദർഘാസ് തുറക്കുന്ന തീയതിയും സമയവും അത് അനുസരിച്ച് ഒരാഴ്ചത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതായിരിക്കും. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

| ക്രമ നം. | ഡിപ്പോ | പ്രവർത്തിയുടെ വിവരം | ഉദ്ദേശം അളവ് | നിരക്ക് (ഒരു മീറ്ററിന്) | അടങ്കൽ തുക | നിരത ദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില | കരാർ കാലാവധി |
|---|---|---|---|---|---|---|---|---|
| 1 | മുള്ളുമല | തടി വലിച്ച് അട്ടി വെയ്ക്കുന്നത് | 800 $M^3$ | 348/ $M^3$ | 3,70,000/- | 9,250/- | 740 + ജി.എസ്.ടി (18%) | 2026-27 സാമ്പത്തിക വർഷം (വ്യവസ്ഥകൾക്ക് വിധേയമായി) |

കൂടുതൽ വിവരങ്ങൾ തിരുവനന്തപുരം ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെയോ, അച്ചൻകോവിൽ ഡിപ്പോ ഓഫീസിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

| | | |
|---|---|---|
| ടെണ്ടർ ഫോം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി | : | **07/05/2026** |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും | : | **14/05/2026, 3:00 PM** |
| ടെണ്ടർ തുറക്കുന്ന തീയതിയും, സമയവും | : | **15/05/2026, 3:00 PM** |
| കരാർ കാലാവധി | : | ഷെഡ്യൂളിൽ നിഷ്കർഷിച്ച പ്രകാരം |

**സുനിൽ സഹദേവൻ**
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
ടിംബർ സെയിൽസ് ഡിവിഷൻ,
തിരുവനന്തപുരം

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, തടി വിൽപ്പന വിഭാഗം
★ തിരുവനന്തപുരം-13 ★